വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ
*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഏലിയാ സ്ലീവാ മൂശ മൂന്നാംഞായർ

2023
സെപ്റ്റംബർ 17



# ദൈവരാജ്യത്തിന്റെ ഭൂപടം

ഏശയ്യ 33:13-24, ഫിലിപ്പി 2:1-11, മത്തായി 4:12-17

കിംഗ്ഡം ഓഫ് ഹെവൻ എന്ന ചലച്ചിത്രം ഭൂമിയിൽ ദൈവരാജ്യം പണിയാൻ ഇറങ്ങിത്തിരിച്ചവരുടെ വഴിയിലൂടെയുള്ള സഞ്ചാരമാണ്. യുദ്ധത്തിൽ നഷ്ടപ്പെട്ട ജറുസലേം തിരിച്ചുപിടിക്കുന്നതാണ് ദൈവരാജ്യത്തിന്റെ നിർമ്മിതിക്കുള്ള വഴിയെന്ന് ദൃഢമായി വിശ്വസിച്ച കുരിശുയുദ്ധക്കാരുടെ കഥയാണ് 2005 ൽ പുറത്തിറങ്ങിയ ഈ സിനിമയിൽ റിഡ്‌ലിസ്കോട്ട് എന്ന വിശ്രുത ചലച്ചിത്രകാരൻ പറയുന്നത്.

ഫ്രാൻസീൽ നിന്ന് ഈ ലക്ഷ്യത്തിനായി ജറുസലേമിലെത്തിയ ബാലിയൻ എന്ന ഇരുമ്പുപണിക്കാരന്റെ പോരാട്ട വഴിയിലൂടെയാണ് സിനിമ പുരോഗമിക്കുന്നത്. ജീവിതം കരുണ കാട്ടാത്ത ഒരു ഭൂതകാലത്തു നിന്ന് അയാളെത്തിയിരിക്കുന്നത് ജറുസലേമിൽ ബന്ധനസ്ഥരായവരുടെ മോചനത്തിനുവേണ്ടിയാണ്.

അടർക്കളത്തിൽ അയാളെ ലക്ഷ്യം വച്ച് രണ്ട് കുതിരപ്പടയാളികൾ. കടുത്ത യുദ്ധത്തിൽ എതിരാളികളിലൊരാൾക്ക് ജീവഹാനി. മറ്റെയാൾ കീഴടങ്ങി. നിഷ്പ്രയാസം അയാളെ വധിക്കാൻ ബാലിയനു കഴിയുമായിരുന്നുവെങ്കിലും കരുണയോടെ എതിരാളിയെ വിട്ടയയ്ക്കുന്നു. പിന്നീട് മറ്റൊരു യുദ്ധക്കളത്തിൽ ബാലിയൻ പരാജിതനാകുമ്പോൾ അയാൾക്ക് കരുണ തിരിച്ചു നൽകാനെത്തുന്നത് ആദ്യം കരുണ ലഭിച്ച ഇമാദ് എന്ന പോരാളി തന്നെ.

എതിരാളിയെ നിഗ്രഹിക്കുന്ന 'ഉപരി നന്മയെക്കാൾ' അയാളോടു കരുണ കാണിക്കുന്ന മനസാക്ഷിയുടെ ശബ്ദമാണ് ബാലിയനെ ഉദ്ദീപിപ്പിക്കുന്നത്. ഒരു സാമാന്യവത്ക്കരണത്തിനപ്പുറം അയാളിലുള്ള 'ദൈവരാജ്യമല്ലേ,' കരുണയുടെ ആദ്യ ചാലുകീറലായത്!

## സ്വർഗരാജ്യം എവിടെ?

അപ്രമാണിക ഗ്രന്ഥമായ തോമായുടെ സുവിശേഷത്തിൽ ഇപ്രകാരം വായിക്കാം: യേശു പറഞ്ഞു, സ്വർഗരാജ്യം ആകാശത്താണെന്ന് നിങ്ങളെ നയിക്കുന്നവർ നിങ്ങളോടു പറയുന്നെ



ജോമോൻ എം മങ്കുഴിക്കരി

ങ്കിൽ, അകാശത്തിലെ പറവകളായിരിക്കുമല്ലോ നിങ്ങളെക്കാൾ ഉപരി ദൈവരാജ്യത്തോട് അടുത്തിരിക്കുന്നത്. ദൈവരാജ്യം കടലിലാണെന്നു പറഞ്ഞാൽ മത്സ്യങ്ങൾ നിങ്ങളെക്കാൾ സ്വർഗരാജ്യത്തിൽ മുമ്പന്മാരാകുന്നു. എന്നാൽ സ്വർഗരാജ്യം നിങ്ങൾക്കുള്ളിലും നിങ്ങളുടെ ചുറ്റുപാടും തന്നെ. നിങ്ങൾ സ്വയം അറിയുമ്പോൾ നിങ്ങൾ അറിവുള്ളവരായി രൂപാന്തരം പ്രാപിക്കുന്നു. അപ്പോൾ നിങ്ങൾ നിത്യനായ പിതാവിന്റെ മക്കൾ എന്നറിയപ്പെടുന്നു.

## ദൈവരാജ്യത്തിന്റെ അക്ഷാംശ രേഖാംശങ്ങൾ

ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല, പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ 14-17) എന്ന് വിശുദ്ധ പൗലോസ് നിർവചിക്കുന്നുണ്ട്. ഈ രാജ്യം ഭൗമിക അതിർവരമ്പുകൾക്കുള്ളിൽ, മണ്ണിലും വെള്ളത്തിലും അടയാളപ്പെടുത്തപ്പെട്ടതല്ലെന്ന് ഇവിടെ നാം മനസിലാക്കുന്നുണ്ട്. കരുണയും കൃപയും ദയയും സഹാനുഭൂതിയും പുലരുന്ന ഹൃദയങ്ങൾ ദൈവരാജ്യത്തിന്റെ ഭൂപടത്തിൽ അക്ഷാംശ രേഖാംശങ്ങളാവുന്നു.

ഇന്ന് നാം വിചിന്തനം ചെയ്യുന്ന സുവിശേഷഭാഗത്ത്, വിശുദ്ധ മത്തായിയുടെ സുവിശേഷം 4-ാം അധ്യായം 12 മുതൽ 17 വരെയുള്ള വാക്യങ്ങൾ, യേശുവിന്റെ ദൗത്യത്തിന്റെ സമാരംഭത്തെയാണ് പ്രതിപാദിക്കുന്നത്. സംക്ഷിപ്തമായി, പ്രവചനങ്ങളുടെ പൂർത്തീകരണമായ ഒരു 'സ്ഥലംമാറ്റം'; അന്ധകാരത്തെ വിപാടനം ചെയ്യുന്ന അഭൗമമായ രാജ്യത്തിന്റെ പ്രകാശത്തിലേക്ക്, സമൂഹത്തിന്റെ പുറമ്പോക്കുകളിലെ ജനത സമാശ്ലേഷിതരാവുന്ന സുവാർത്തയുടെ ആദ്യ വചസുകൾ. അതൊരു ക്ഷണമായിരുന്നു. തന്റെ സാന്നിദ്ധ്യത്തിലൂടെ ആ ജനതയ്ക്കു സംലഭ്യമായ സ്വർഗരാജ്യത്തിലേക്ക്, മനംമാറി കടന്നുവരാനുള്ള ക്ഷണം. ആ രാജ്യത്തിന്റെ കവാടം തുറക്കാൻ അധികാരമുള്ളവൻ അവിടെ അവർക്ക് ആതിഥേയനാവുന്നു.

## 'മൂന്നാം സ്ഥലം'

മത്തായിയുടെ സുവിശേഷത്തിൽ വിവരിക്കുന്ന യേശുവിന്റെ മൂന്നാമത്തെ സ്ഥലംമാറ്റമാണ് നസ്രത്തിൽ നിന്ന് കഫർണാമിലേക്കുള്ള വരവ്. ബെത് ലഹേമിൽ ജനിച്ചവൻ, പിൽക്കാലത്ത് നസ്രത്തിലാണ് താമസമാക്കിയത്. നസ്രായൻ ഇപ്പോൾ ആ ദേശത്തിന്റെ ചിരപരിചിതമായ ചുറ്റുപാടുകൾ വിട്ട് അപരിചിതത്വം നിറഞ്ഞ, ഒട്ടൊക്കെ സങ്കീർണതകൾകൊണ്ട് സമ്പന്നമായ ഒരു പ്രദേശത്ത് എത്തിയിരിക്കുന്നു. ഇത് മാനുഷികമായ ഇച്ഛയുടെയോ, തീരുമാനത്തിന്റെയോ ഫലമായിരുന്നില്ല. പകരം ഭൂമിശാസ്ത്രപരമായ ഈ സ്ഥാനഭ്രംശങ്ങൾ ദൈവം ശ്രദ്ധാപൂർവ്വം ക്രമീകരിക്കുകയും അങ്ങനെ അവയ്ക്ക് വലിയ പ്രധാന്യം നൽകുകയും ചെയ്തുവെന്ന് മത്തായി വിവരിക്കുന്നു.

## ഭയന്നു പിന്മാറിയതോ ?

യോഹന്നാൻ ബന്ധനസ്ഥനായെന്നു കേട്ടപ്പോൾ യേശു നാടു വിട്ടു പുതിയ ഇടത്തേക്കു പോയി എന്നൊരു ധ്വനി ഈ സുവിശേഷഭാഗത്തിനുണ്ടോ? നിശ്ചയമായും ഇല്ല, ഏശയ്യാ പ്രവചനത്തിൽ പറയുന്നതുപോലെ, എല്ലാ ജനതകളിലേക്കും എത്തും എന്ന ദൈവികവാഗ്ദാനത്തിന്റെ നിറവേറലായിരുന്നു ഈ ദേശാന്തര യാത്ര. പരിചിതമായ ചുറ്റുപാടുകളിൽ, കംഫർട്ട് സോണുകളിൽ, അലസതയുടെ ആനന്ദം ആസ്വദിക്കാനായിരുന്നില്ല അവൻ ഈ ലോകത്തേക്കു വന്നത്. ദൈവവചനം ആവശ്യമുള്ളവരിലേക്കെത്തി, പിതാവിന്റെ രാജ്യത്തിന്റെ സവിശേഷതകളിൽ അവർ പരിവർത്തനം പ്രാപിച്ച് ഭാഗഭാക്കുകളാവാനുള്ള തന്റെ ദൗത്യത്തിന്റെ പ്രതിബദ്ധതയിലാണ് അവിടുത്തെ യാത്രകളുടെ പഥം നിർണയിക്കപ്പെട്ടത്.

ഇരുൾവഴികളിൽ ദൈവം

ഇപ്പോൾ ഇതാ, മുമ്പ് ഇരുട്ടിലും മരണത്തിലും വസിച്ചിരുന്നവരിലേക്ക് വെളിച്ചം എത്തിയിരിക്കുന്നു. യേശു ഇപ്പോൾ അവരുടെ അയൽക്കാരനാണ്. അവരിൽ ഒരാളാണ്. വിജാതീയരുടെ ഗലീലിയിലാണ് സ്വദേശം വിട്ട് അവൻ വന്നു ചേർന്നത്. വലിയ സാമൂഹ്യ ശക്തിയോ, വ്യക്തിഗത സമ്പത്തോ ഉള്ളവരുടെ മധ്യേയല്ല യേശു എത്തിയത്. വരേണ്യവർഗത്തിന്റെ അവകാശങ്ങളോ സൗകര്യങ്ങളോ ഉള്ളവരുമായിരുന്നില്ല. എന്നാൽ അവന് അവരോട് പറയാനുണ്ടായിരുന്നത് അടിസ്ഥാനപരമായി യോഹന്നാൻ സ്നാപകൻ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. മാനസാന്തരം വേണം, അതിനു കാരണമുണ്ട്. ഇന്നലെകളെപ്പോലെയല്ല, സ്വർഗരാജ്യം അവർക്കായി തുറക്കപ്പെടാൻ പോകുന്നു. അതിന് ഒരുക്കമുണ്ടാവണം.

## സ്വർഗരാജ്യം നമ്മുടെ മേൽവിലാസമോ ?

സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നുള്ള പ്രഖ്യാപനത്തിലൂടെ മാത്രമല്ല ദൈവത്തിന്റെ ഭരണം ലോകത്തിന് ദൃശ്യമായത്. അത് യേശുവിന്റെ ജീവിതത്തിലൂടെയായിരുന്നു. രോഗികളെ സുഖപ്പെടുത്തിയതിലൂടെ, തകർന്നവരെ ശക്തിപ്പെടുത്തി ബലമുള്ളവരാക്കിയവരിലൂടെ എല്ലാം അത് സംഭവിച്ചു. അവന്റെ ജീവദാനത്തിലൂടെ ആ രാജ്യത്തിന്റെ സ്ഥാപനം ദൃശ്യമായി.

എന്നാൽ ആ സ്വർഗരാജ്യം നമ്മിലൂടെ മറ്റുള്ളവർക്ക് സൗഖ്യാനുഭവമായി മാറുന്നുണ്ടോ, വിമോചനത്തിന്റെ സദ്വാർത്തയുടെ അനുരണനങ്ങൾ അനേകരുടെ ജീവിതത്തിലേക്ക് വ്യാപിക്കുന്നുണ്ടോ എന്ന ചോദ്യം അണയാതെ ജ്വലിച്ചു നിൽക്കുന്നുണ്ട്. സ്വർഗരാജ്യത്തിന്റെ സൂക്ഷിപ്പുകാർ നാമാണെന്ന് നാം അഭിമാനിക്കുന്നതിൽ തെറ്റില്ല. പക്ഷേ, ആ രാജ്യം നമ്മിലുണ്ടോ എന്നുറപ്പുവരുത്താനുള്ള അവസരമാണിത്. നമുക്ക് സൂക്ഷിക്കാൻ കഴിയാത്തതിന്റെ പങ്കുവയ്പുകാരാവാൻ നമുക്കു കഴിയുമോ ?

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com